**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6493** **10-07-2024 - ൽ മറുപടിയ്ക്ക്**

**പാലക്കാട് മെഡിക്കൽ കോളേജിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങളുടെയും പഠന സൗകര്യങ്ങളുടെയും അഭാവം മൂലം വിദ്യാർത്ഥികൾ കടുത്ത പ്രതിസന്ധി നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | പാലക്കാട് മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് നിലവിൽ മെച്ചപ്പെട്ട പഠന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെ ടീച്ചിംങ് ഹോസ്പിറ്റലായി പാലക്കാട് ജില്ലാ ആശുപത്രിയെ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ കാലാവധി യഥാസമയം ദീർഘിപ്പിച്ചു വരുന്നു. മെഡിക്കൽ കോളേജിന്റെ ക്ലിനിക്കൽ പ്രവർത്തനങ്ങൾ നടത്തിവരുന്നത് ജില്ലാ ആശുപത്രിയിലൂടെയാണ്. വിദ്യാർത്ഥികളുടെ പഠനം, വിവിധ ഒ.പി, ഐ.പി എന്നിവ മെഡിക്കൽ കോളേജിനു പുറമെ ജില്ലാ ആശുപത്രിയിലും നടന്നു വരുന്നു. ഒ.പി, ഐ.പി എന്നിവ പൂർണ്ണമായും മെഡിക്കൽ കോളേജിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത മെഡിക്കൽ കോളേജിൽ എല്ലാ വിഭാഗങ്ങളിലും സ്ഥിരം അധ്യാപകരേയും മറ്റ് ജീവനക്കാരേയും നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | പാലക്കാട് മെഡിക്കൽ കോളേജിൽ സ്ഥിര അദ്ധ്യാപകരായി 107 പേർ നിലവിൽ ജോലി ചെയ്തു വരുന്നു. മറ്റ് അദ്ധ്യാപക തസ്തികകളിൽ കരാറടിസ്ഥാനത്തിലാണ് നിയമനം നടത്തിവരുന്നത്. ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുകയും നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. |
| (സി) | പ്രസ്തുത മെഡിക്കൽ കോളേജിൽ ഐ.പി., ഒ.പി., എമർജൻസി ട്രോമാകെയർ, ക്യാഷ്വാലിറ്റി തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (സി) | പാലക്കാട് മെഡിക്കൽ കോളേജിൽ ജനറൽ മെഡിസിൻ, പൾമണറി മെഡിസിൻ, സർജറി, ഓർത്തോപീഡിക്സ്, ഡെന്റിസ്ട്രി, ഒഫ്താൽമോളജി, ഇ.എൻ.ടി, സൈക്കിയാട്രി, ഡെർമറ്റോളജി, പീഡിയാട്രിക്സ്, ART എന്നീ II വിഭാഗങ്ങളിലായി ഒ.പി പ്രവർത്തിച്ചുവരുന്നു. കൂടാതെ, കിടത്തി ചികിത്സ (ഐ.പി) യുടെ ആദ്യഘട്ടം |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുണ്ട്. ആവശ്യമായ ആധുനിക ചികിത്സാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ഐ.പി പൂർണ്ണ തോതിൽ സജ്ജമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. എമർജൻസി trauma care ആരംഭിക്കുന്നതിനായി സ്ഥാപനതലത്തിൽ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി പ്രൊപ്പോസൽ തയ്യാറാക്കി വരികയുമാണ്. ക്യാഷ്വാലിറ്റി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| (ഡി) | പ്രസ്തുത മെഡിക്കൽ കോളേജിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അടിയന്തരമായി ഏർപ്പെടുത്തിക്കൊണ്ട് നിലവിൽ ക്ലിനിക്കൽ ആവശ്യങ്ങൾക്കായി ആശ്രയിക്കുന്ന ജില്ലാ ആശുപത്രിയിൽ നിന്നും പൂർണ്ണമായും മെഡിക്കൽ കോളേജ് യൂണിറ്റിന്റെ പ്രവർത്തനം മെഡിക്കൽ കോളേജ് ക്യാമ്പസ്സിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ; | (ഡി) | പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാകുന്ന മുറയ്ക്ക് മുഴുവൻ ഒ.പി, ഐ.പി എന്നിവ മെഡിക്കൽ കോളേജിലേക്ക് മാറ്റുന്നതാണ്. |
| (ഇ) | അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം ആയത് പരിശോധിക്കുന്നതിന് വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കുമോ; വ്യക്തമാക്കുമോ ; | (ഇ) | ബഹു. മുൻ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പാലക്കാട് മെഡിക്കൽ കോളേജിൽ 13/06/2024 തീയതി നടന്ന യോഗത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അവലോകനം നടത്തുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു സമിതി രൂപീകരിക്കുന്നതിനും ആയതിൽ രണ്ട് വിദ്യാർത്ഥി പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിനും തീരുമാനമായിട്ടുണ്ട്. |
| (എഫ്) | പാലക്കാട് മെഡിക്കൽ കോളേജ് സ്ഥാപിതമായി 10 വർഷങ്ങൾ കഴിഞ്ഞിട്ടും പ്രതിസന്ധികൾ നേരിടുന്ന സാഹചര്യത്തിൽ ആയത് അടിയന്തരമായി പരിഹരിച്ചുകൊണ്ട് മികവിന്റെ കേന്ദ്രമാക്കി മാറ്റുവാൻ സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എഫ്) | ഹോസ്പിറ്റൽ ബ്ലോക്കിലെ മുൻവശത്ത് 6 നിലകളിലായി OPD ബ്ലോക്ക്, 2021-ൽ തന്നെ പ്രവർത്തന സജ്ജമാക്കി OP പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, കിടത്തി ചികിത്സയുടെ ആദ്യഘട്ടം 12.03.2024 തീയതി മുതൽ ആരംഭിച്ചിട്ടുണ്ട്. പാലക്കാട് മെഡിക്കൽ കോളേജ് ആശുപത്രി മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ തലങ്ങളിലായി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ